# ആമുഖം

മലയാളഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും മഹത്തായ ഈടുവെയ്പ്പുകൾ സംഭാവന ചെയ്തുകൊണ്ടാണ് കേരള സാഹിത്യ അക്കാദമി പ്രവർത്തിക്കുന്നത്. എഴുത്തിന്റെയും വായനയുടെയും പൊതുമണ്ഡലത്തിൽ പുത്തനുണർവ്വ് വിതറുന്ന നൂതനത്വമുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ചു ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നതിൽ അക്കാദമിക്ക് ചാരിതാർത്ഥ്യമുണ്ട്. മുഴുവൻ സാഹിത്യകാരന്മാരുടെയും വായനാസമൂഹത്തിന്റെയും ശ്രദ്ധാകേന്ദ്രമായി അക്കാദമി സ്വന്തം സ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്. എഴുത്തുകാരുടെയും സഹൃദയരുടെയും ആത്മാഭിമാനം സംരക്ഷിക്കാനും ഉയർത്തിപ്പിടിക്കാനും അക്കാദമി സദാ ജാഗരൂകമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന സാംസ്കാരികസ്ഥാപനങ്ങളിൽ പ്രമുഖമായ ഒന്നായി അക്കാദമി വളർന്നിട്ടുണ്ട്. അക്കാദമിയുടെ സർഗ്ഗസമൃദ്ധമായ ചരിത്രപാരമ്പര്യം പിൻതുടർന്നുപോകാൻ ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ പ്രതിജ്ഞാബദ്ധരും സ്വയംസമർപ്പിതരുമാണ്. അക്കാദമിയുടെ സൽപ്പേരും യശസ്സും ആവുന്നത്ര മുന്നോട്ടുകൊണ്ടുപോകാൻ പിന്നിട്ട ഒരു വർഷത്തിൽ കഴിഞ്ഞിട്ടുണ്ടെന്ന് വിനയപൂർവ്വം പറഞ്ഞുവെയ്ക്കട്ടെ.

അക്കാദമിയുടെ പ്രസിദ്ധീകരണവിഭാഗം ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഗൗരവവും നിലവാരവുമുള്ള ഒട്ടേറെ സാഹിത്യചരിത്രകൃതികളും വൈജ്ഞാനികസാഹിത്യ കൃതികളും ഗവേഷണപ്രബന്ധങ്ങളും ആകർഷകമായി അച്ചടിക്കുവാനും കേരളമെങ്ങുമുള്ള ലൈബ്രറികളിലും വായനക്കാരിലും എത്തിക്കുവാനും സാധിച്ചത് ധന്യതയാണ്.

അക്കാദമി ലൈബ്രറിയുടെ പ്രവർത്തനത്തിലും അഭൂത പൂർവ്വമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗവേഷകരുടെയും സാഹിത്യ വിദ്യാർത്ഥികളുടെയും സാന്നിദ്ധ്യത്താൽ സജീവമാണ് ലൈബ്രറി. വിവിധ സർവ്വകലാശാലകൾ അംഗീകരിച്ച പഠനഗവേഷണകേന്ദ്രമായിട്ടാണ് അക്കാദമി ലൈബ്രറി പ്രവർത്തിക്കുന്നത്.

സാഹിത്യചക്രവാളം, സാഹിത്യലോകം, മലയാളം ലിറ്റററി സർവ്വേ എന്നീ അക്കാദമി ആനുകാലികങ്ങൾ കനപ്പെട്ട ഉള്ളടക്കത്തോടെ പുറത്തിറക്കാനും കൂടുതൽ പ്രചരിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. അക്കാദമിയുടെ ഭാഗമായ അപ്പൻതമ്പുരാൻ സ്മാരകം ഒരു സാഹിത്യകാരമ്യൂസിയം എന്ന നിലയിൽ അർത്ഥവത്തായി പ്രവർത്തിച്ചുവരുന്നു. സ്മാരകത്തിലെ പഴയ ആനുകാലിക-പുസ്തകശേഖരങ്ങൾ സാഹിത്യപഠിതാക്കൾ വൻതോതിൽ പ്രയോജനപ്പെടുത്തുന്നത് ശുഭോദർക്കമാണ്.

സാംസ്കാരികരംഗം കെട്ടിക്കിടന്ന് ജീർണ്ണിക്കാതിരിക്കണമെങ്കിൽ അർത്ഥപൂർണ്ണമായ ഇടപെടലുകൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കണം. സാഹിത്യമേഖലയിലും ആശയസംഘർഷങ്ങളും അഭിപ്രായസമന്വയങ്ങളും വന്നുപോയിക്കൊണ്ടിരിക്കണം. വ്യത്യസ്ത നിരീക്ഷണങ്ങളും വേറിട്ട കാഴ്ചപ്പാടുകളും വിഭാവനങ്ങളും ഒരുപോലെ പുലരുന്ന ഒരു ആശയസംവാദലോകമാണ് അക്കാദമി ആഗ്രഹിക്കുന്നത്. ക്രിയാത്മകമായ ഒട്ടേറെ ആലോചനകളിലൂടെ, ധൈഷണികലോകത്ത് നവോന്മേഷം സൃഷ്ടിക്കാൻ അക്കാദമി അരങ്ങൊരുക്കും. വരുംകാലത്ത് കൂടുതൽ സഫലമായ സർഗ്ഗാത്മകവിനിമയങ്ങൾക്ക് വേദിയൊരുക്കാൻ കഴിയുമെന്നാണ് അക്കാദമിയുടെ പ്രതീക്ഷ.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി

# ആദരാഞ്ജലി

സാഹിത്യ-സാംസ്കാരിക-ഔദ്യോഗികരംഗത്തുനിന്ന് ധാരാളം പ്രമുഖവ്യക്തികൾ ഈ കാലയളവിൽ കേരളസമൂഹത്തെ വിട്ടുപിരിഞ്ഞിട്ടുണ്ട്. എം.ഒ.എച്ച്.ഫറൂഖ്, മന്ത്രി ടി.എം.ജേക്കബ്, ഡോ.സുകുമാർ അഴീക്കോട്, ജ്ഞാനപീഠം പുരസ്കർത്താക്കളായ ഇന്ദിര ഗോസ്വാമി, ശ്രീലാൽ ശുക്ല, അക്കാദമി വിശിഷ്ടാംഗം കാക്കനാടൻ, മുല്ലനേഴി നീലകണ്ഠൻ, ഡോ.വയലാ വാസുദേവൻപിള്ള, പ്രൊഫ. ഏറ്റുമാനൂർ സോമദാസൻ, സി.ഭാസ്കരൻ, വേണുമേനോൻ, ഡോ. കെ.കെ.രാഹുലൻ, എ.സുജനപാൽ, തകഴിയുടെ സഹധർമ്മണി കാത്ത, എം.എഫ്.ഹുസൈൻ, എം.എം.മേനോൻ, മങ്കുത്തമ്പുരാൻ, അപ്പൻ തച്ചേത്ത്, അംബുജം സുരാസു, പ്രൊഫ. സി.അയ്യപ്പൻ, ഡോ. എസ്.പി.രമേഷ്, തമ്പി കാക്കനാടൻ, പി.സി.അലക്സാണ്ടർ, സംഗീത സംവിധായകൻ ജോൺസൻ, റഹ്മാൻ വാടാനപ്പിള്ളി, സി. സോമൻ, ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ, കാർട്ടൂണിസ്റ്റ് കുട്ടി, കോന്നിയൂർ രാധാകൃഷ്ണൻ, വി.പി.മുഹമ്മദാലി, നീലകണ്ഠൻ പരമാര, പ്രൊഫ. പി.സി.മേനോൻ, പയ്യന്നൂർ ബാലകൃഷ്ണൻ, കിളിമാനൂർ കേരളവർമ്മ, പി. ഉണ്ണിക്കൃഷ്ണൻനായർ, വിജയാലയം വിജയകുമാർ, ഭൂപൻ ഹസാരിക, എ.കെ.ദാമോദരൻ, പ്രൊഫ. ജി.സുശീലൻ, പനയൂർ സി.ശങ്കരൻകുട്ടി, രവി പടിഞ്ഞാറെ, ഡോ. ജോൺ ഓച്ചൻതുരുത്ത്, ഡോ.മുരളീകൃഷ്ണ, കെ.ആർ.പ്രസാദ്, ടി.ദാമോദരൻ, ബാദൽ സർക്കാർ, വാസു പ്രദീപ്, രവീന്ദ്രൻ, പി.എം.ആന്റണി, കെ.തായാട്ട്, ജോയ് ശാസ്താംപടിക്കൽ, ഡി.ബി.കുറുപ്പ്, അമ്മിണിയമ്മ, മണി കൗൾ എന്നിവർ ഭാഷയ്ക്കും സംസ്കാരത്തിനും ഔദ്യോഗികരംഗത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ

## 2011–2012
## (2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെ)

**വായനാവാരാഘോഷം**

വായനാവാരത്തിന്റെ സമാപനത്തോടനുബന്ധിച്ച് ജൂൺ 26 ന് അക്കാദമി വൈലോപ്പിള്ളിഹാളിൽ സാഹിത്യസമ്മേളനം സംഘടിപ്പിച്ചു. തൃശൂർ മേയർ ഐ.പി.പോൾ അദ്ധ്യക്ഷതവഹിച്ചു. കാർഷികസർവ്വകലാശാല വൈസ് ചാൻസലർ ഡോ.കെ.ആർ.വിശ്വംഭരൻ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. ഡോ.പി.വി.കൃഷ്ണൻനായർ ,ബാലചന്ദ്രൻ വടക്കേടത്ത്, ശ്രീവത്സൻ ജെ.മേനോൻ എന്നിവർ വായനാനുഭവങ്ങൾ പങ്കുവെച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും രേഖപ്പെടുത്തി.

**'മലയാളം നിർബന്ധിത ഒന്നാംഭാഷ'യാക്കിയ കേരള സർക്കാരിന് അഭിനന്ദനം**

സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുക എന്നത് കേരള സാഹിത്യ അക്കാദമിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രമുഖമായ ഒന്നായിരുന്നു. ബഹു. കേരള സർക്കാർ ഈ വർഷം തന്നെ മലയാളം ഒന്നാം ഭാഷയാക്കി ഉത്തരവിറക്കി. അക്കാദമി വൈലോപ്പിള്ളി ഹാളിൽ ചേർന്ന സാംസ്കാരികപ്രവർത്തകരുടെയും ഗവേഷക വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും യോഗം ജൂൺ 30 ന് ചേർന്നു. സർക്കാരിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. കേരള സർക്കാരിനെ അക്കാദമിയുടെ അനുമോദനം അറിയിക്കുന്ന ബോർഡുകൾ കേരളത്തിലെ വിവിധകേന്ദ്രങ്ങളിൽപ്രദർശിപ്പിച്ചു.

**ബഷീർ അനുസ്മരണം**

ലോകസാഹിത്യത്തിലെ മലയാളസാന്നിദ്ധ്യമായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലായ് 5ന് അനുസ്മരണപരിപാടി സംഘടിപ്പിച്ചു. പുഷ്പാർച്ചനയിലും അനുസ്മരണത്തിലും ഡോ.പി.വി. കൃഷ്ണൻനായർ, ഡോ.ഷൊർണൂർ കാർത്തികേയൻ , ആർ. ഗോപാലകൃഷ്ണൻ തുടങ്ങിയവരും ഗവേഷകരും വിദ്യാർത്ഥികളും അദ്ധ്യാപകരും അക്കാദമി ജീവനക്കാരും ചടങ്ങിൽ സംബന്ധിച്ചു.



**സി.ജെ.വീണ്ടും വരുന്നു-അനുസ്മരണസമ്മേളനം**

ജൂലായ് 15 ന് അക്കാദമിയിൽ വെച്ച് സാഹിത്യ അക്കാദമി സംഘടിപ്പിച്ച സി.ജെ.തോമസ് അനുസ്മരണസമ്മേളനം *സി.ജെ.വീണ്ടും വരുന്നു* എം.വി.ദേവൻ ഉദ്ഘാടനംചെയ്തു. പ്രൊഫ.എം.തോമസ് മാത്യു, ഡോ. കെ.എസ്.രാധാകൃഷ്ണൻ, ജോൺ പോൾ, ടി.എം.എബ്രഹാം എന്നിവർ സംസാരിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. സി. ജെ. തോമസ് രചിച്ച മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യത്തെ തിരക്കഥ *കാൽവരിയിലെ കല്പപാദപ*ത്തിന്റെ കയ്യെഴുത്തുപ്രതി അക്കാദമി ആർക്കൈവ്സിന് സി.ജെ.യുടെ മകൾ ബീനാഎംസൺ കൈമാറി.

**ചങ്ങമ്പുഴ സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കാൻ സാഹിത്യ അക്കാദമി ആവശ്യപ്പെട്ടു-സെപ്തംബർ 17**




വിശ്വമഹാകവികൾക്കൊപ്പം ഔന്നത്യമുള്ള മലയാളത്തിന്റെ പ്രിയകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജന്മശതാബ്ദിവർഷമായ 2011 ൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി തപാൽസ്റ്റാമ്പ് പുറത്തിറക്കണമെന്ന് കേരള സാഹിത്യ അക്കാദമി സംസ്ഥാന സാംസ്കാരികവകുപ്പ് വഴി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. ഭാരതീയ കവികളിൽ ഉന്നതസ്ഥാനം ഉറപ്പിച്ച ഭാവഗായകനായ കവിക്ക് അർഹിക്കും വിധം ആദരവ് നൽകി ശാശ്വതസ്മരണ നിലനിർത്താൻ തപാൽസ്റ്റാമ്പ് പുറത്തിറക്കണമെന്ന് സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ. കെ.സി.ജോസഫ് വഴി കേന്ദ്രസർക്കാരിന് നൽകിയ നിവേദനത്തിൽ അക്കാദമി അഭ്യർത്ഥിച്ചു.



**ബഹ്റൈൻ-പ്രവാസി സാഹിത്യശില്പശാല**

കേരള സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ നവംബർ 4,5,6,7 തീയതികളിൽ ബഹ്റൈനിൽ നടത്തിയ കേരളീയ സമാജത്തിന്റെ രണ്ടാമത് ജി.സി.സി.സാഹിത്യക്യാമ്പ് അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു. പി.വി.രാധാകൃഷ്ണപിള്ള അദ്ധ്യക്ഷതവഹിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത്, സമാജം സെക്രട്ടറി വർഗ്ഗീസ് കാരക്കൽ, സാഹിത്യവിഭാഗം സെക്രട്ടറി ബിനോജ് മാത്യു, സേതു, കെ.ആർ.മീര, ബെന്യാമിൻ, എന്നിവർ സംസാരിച്ചു.

മലയാളസാഹിത്യം-ഭാഷ-വായന എന്നിവയെക്കുറിച്ച് ക്ലാസ് നടന്നു. പുതിയ കാലത്തെ എഴുത്ത്, സാഹിത്യരൂപ പരിണാമങ്ങൾ, വായന എന്നിവ ചർച്ചാവിഷയമായി. മലയാളകവിതയിലെ പുതിയ പ്രവണതകൾ, പെണ്ണെഴുത്ത് എന്നിവയെ ആസ്പദമാക്കി ചർച്ചകളും ക്ലാസുകളും നടത്തുകയുണ്ടായി. സാംസ്കാരികസമ്മേളനത്തോടു കൂടി ക്യാമ്പ് സമാപിച്ചു.

**ലിറ്ററി സെമിനാർ-ഹൈദരാബാദ്**

കേരള സാഹിത്യ അക്കാദമി ഹൈദ്രാബാദിലെ നവീന സാംസ്കാരിക കലാകേന്ദ്രത്തിന്റെ സഹകരണത്തോടെ നവംബർ 6 ന് നടത്തിയ



സാഹിത്യസെമിനാർ അക്ബർ കക്കട്ടിൽ ഉദ്ഘാടനം ചെയ്തു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. എം.പി. വീരേന്ദ്രകുമാർ, സാറാ ജോസഫ്, സന്തോഷ് ഏച്ചിക്കാനം, സി.ആർ.നീലകണ്ഠൻ, വി.എം.ഗിരിജ, പ്രൊഫ കെ.നാരായണചന്ദ്രൻ, പി.ടി.അറുമുഖൻ,ഇ വിപിനൻ എന്നിവർ വിവിധ സെമിനാറുകളിൽ പങ്കെടുത്ത് സംസാരിച്ചു.

**സാഹിത്യാഭിരുചിയുടെ മാറ്റങ്ങൾ** ഏകദിന സെമിനാർ

സാഹിത്യാഭിരുചിയുടെ മാറ്റങ്ങൾ എന്ന വിഷയത്തിൽ കേരള സാഹിത്യ അക്കാദമി ഒക്ടോബർ 25 ന് തൃശൂരിൽവെച്ച് ഏകദിനസെമിനാർ സംഘടിപ്പിച്ചു. എല്ലാ കലാരൂപങ്ങളുടെയും ആത്മാവ് കവിതയിൽ കുടികൊള്ളുന്നുവെന്നും വൃത്തമില്ലാതെ എഴുതുന്ന വാക്കുകൾക്ക് അർത്ഥമുണ്ടെങ്കിൽ അത് കവിതയാവുമെന്നതിൽ സംശയമില്ല. പക്ഷേ, അർത്ഥം പറയാൻ എഴുതിയ ആൾക്കുപോലും സാധ്യമാവാത്തത് വൃത്തരഹിതമായാലും അല്ലെങ്കിലും കവിതയായി സുബോധമുള്ള അനുവാചകന് അംഗീകരിക്കാനാവില്ലെന്നും സാഹിത്യാഭിരുചിയുടെ മാറ്റങ്ങൾ എന്ന സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് അക്കിത്തം പറഞ്ഞു.അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് ആമുഖപ്രഭാഷണവും നടത്തി.

തുടർന്ന് നോവൽ-കഥ-കവിത സെമിനാറിൽ ആഷാമേനോൻ അദ്ധ്യക്ഷതവഹിച്ചു. സർഗ്ഗാത്മകകൃതികളുടെ അനുഭവസത്തയെയാണ് സ്വീക



രിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.എളുപ്പത്തിൽ കള്ളിതിരിച്ച് വേർതിരിക്കാവുന്നതല്ല അഭിരുചിയിലെ മാറ്റങ്ങളെന്ന് ടി.ഡി.രാമകൃഷ്ണൻ പറഞ്ഞു. ടി.വി.സുനിതയും പ്രബന്ധം അവതരിപ്പിച്ചു. വിമർശനം-വൈജ്ഞാനികസാഹിത്യം സെമിനാറിൽ പ്രൊഫ.എം.തോമസ്മാത്യു അദ്ധ്യക്ഷത വഹിച്ചു. ഡോ.കാവുമ്പായി ബാലകൃഷ്ണൻ, ടി.ടി.പ്രഭാകരൻ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന നാടകം-തിരക്കഥ സെമിനാറിൽ സംഗീതനാടക അക്കാദമി വൈസ് പ്രസിഡണ്ട് ടി.എം.എബ്രഹാം, പ്രിയനന്ദനൻ, സി.എസ്.വെങ്കിടേശ്വരൻ എന്നിവർ പങ്കെടുത്തു.

**കാക്കനാടനും മുല്ലനേഴിയ്ക്കും ശ്രദ്ധാഞ്ജലി**

ആധുനികതയുടെ ആചാര്യനായ കാക്കനാടനും മനുഷ്യസ്നേഹത്തിന്റെ മഹാഗാഥപാടിയ മുല്ലനേഴിയ്ക്കും കേരള സാഹിത്യ അക്കാദമി അന്തിമാഞ്ജലി അർപ്പിച്ചു. ഒക്ടോബർ 25 ന് അക്കാദമി ഓഡിറ്റോറിയത്തിൽ നടത്തിയ അനുസ്മരണസമ്മേളനത്തിൽ അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. കാക്കനാടനെ അനുസ്മരിച്ച് പ്രൊഫ.എം.തോമസ് മാത്യുവും ആഷാമേനോനും, മുല്ലനേഴിയെ അനുസ്മരിച്ച് ഡോ.പി.വി.കൃഷ്ണൻനായരും സംസാരിച്ചു.

**ദേശീയ പുസ്തകോത്സവം**

2012 ജനുവരി 2 മുതൽ 12 വരെ അക്കാദമി അങ്കണത്തിൽ സംഘടിപ്പിച്ച ദേശീയ പുസ്തകോത്സവം-അക്ഷരപ്പെരുമ സാംസ്കാരികോത്സവം പ്രശസ്ത ഹിന്ദി കവി ലക്ഷ്മി ശങ്കർ ബാജ്പേയ് ഉദ്ഘാടനം ചെയ്തു. പുസ്തകോത്സവത്തോടനുബന്ധിച്ചു നടന്ന വിവിധ പ്രദർശനങ്ങളുടെ ഉദ്ഘാടനം തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.നിർവ്വഹിച്ചു. പുസ്തകോത്സവത്തിന്റെ വിളംബരം മേയർ ഐ.പി.പോളും പുസ്തകോത്സവ അവലോകനം അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേ



ടത്തും നിർവ്വഹിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.ആർ.തമ്പാൻ, കേരള കലാമണ്ഡലം രജിസ്ട്രാർ ഡോ.കെ.കെ.സുന്ദരേശൻ എന്നിവർ ആശംസകളർപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതവും ടി.ടി.പ്രഭാകരൻ നന്ദിയും പറഞ്ഞു.

കേരള ബുക് മാർക്ക്, ഡി.സി.ബുക്സ്, കറന്റ് ബുക്സ്, ഗ്രീൻ ബുക്സ്, പ്രഭാത് ബുക് ഹൗസ്, ജെ.കൃഷ്ണമൂർത്തി ഫൗണ്ടേഷൻ, ഒലിവ് പബ്ലിക്കേഷൻ, ചിന്ത പബ്ലിഷേഴ്സ് തുടങ്ങി കേരളത്തിനകത്തും പുറത്തും ശ്രദ്ധേയരായ അറുപത്തിയഞ്ചിലേറെ പ്രസാധകർ പുസ്തകോത്സവത്തിൽ പങ്കെടുത്തു.

**അക്ഷരപ്പെരുമ സാംസ്കാരികോത്സവം**




ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് പത്ത് ദിനരാത്രങ്ങളിലായി അക്ഷരപ്പെരുമ സാംസ്കാരികോത്സവം അരങ്ങേറി. എഴുത്തിന്റെയും കലാവിഷ്കാരങ്ങളുടെയും വൈവിധ്യസമൃദ്ധമായ അനുഭവങ്ങൾ അക്കാദമി അങ്കണത്തിന് ഉത്സവച്ഛായ പകർന്നു.

വൈലോപ്പിള്ളി, തകഴി, പാലാ നാരായണൻനായർ, ശൂരനാട് കുഞ്ഞൻപിള്ള, ചങ്ങമ്പുഴ എന്നിവരുടെ ജന്മശതാബ്ദി പ്രഭാഷണങ്ങൾ യഥാക്രമം സച്ചിദാനന്ദൻ, പ്രൊഫ.തുമ്പമൺ തോമസ്, ബാലചന്ദ്രൻ വടക്കേടത്ത്, ഡോ. ഡി.ബെഞ്ചമിൻ, ഡോ.എസ്.കെ.വസന്തൻ എന്നിവർ നിർവ്വഹിച്ചതിലൂടെ സജീവമായ ആശയസംവാദങ്ങളിലേയ്ക്കും അഭിപ്രായസംഘർഷങ്ങളിലേയ്ക്കും സമന്വയങ്ങളിലേയ്ക്കും പുസ്തകോത്സവം കടന്നുചെന്നു. അരനൂറ്റാണ്ടിലേറെ കാലം കർമ്മനിരതരായ കേരളത്തിലെ മികച്ച അഞ്ച് ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരാർപ്പണം നൽകി. പാലക്കീഴ് നാരായണൻ (മലപ്പുറം), വി.കെ.കുമാരകൈമൾ (കോട്ടയം), മച്ചാട് ടി.നീലകണ്ഠൻ (തൃശൂർ), സി.കെ.പാർവ്വതി ടീച്ചർ (പാലക്കാട്), പി.കെ. കുമാരൻനായർ (കാസർഗോഡ്) എന്നി






വരെ ആദരരിച്ച ചടങ്ങ് ധന്യവും അർത്ഥപൂർണ്ണവുമായി.

സാംസ്കാരികോത്സവത്തിൽ ഓരോ സായാഹ്നങ്ങളിലും മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാർ അതിഥികളായെത്തി. സർഗ്ഗസപര്യയിലെ അനുഭവങ്ങൾ പങ്കിട്ടു. എം.ടി.വാസുദേവൻനായർ, അക്കിത്തം, ടി.പത്മനാഭൻ, എം.മുകുന്ദൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, ഡോ. എം.ജി.എസ്.നാരായണൻ, ആറ്റൂർ രവിവർമ്മ, കെ.പി.ശങ്കരൻ, കരൂർ ശശി, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ സാന്നിധ്യം സദസ്സിന് ആവേശമേകി.

മലയാളം വിക്കിപീഡിയ കൂടുതൽ പേരിൽ എത്തിക്കാനായി നടന്ന ഏകദിനപഠനശിബിരത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമായി അമ്പതിലേറെപ്പേർ പങ്കെടുത്തു. കേരളത്തിലെ പക്ഷിനിരീക്ഷകരുടെ സംഗമത്തിൽ പ്രൊഫ.എം.കെ.പ്രസാദ്, വി.എം.സുധീരൻ, സി. ശശികുമാർ തുടങ്ങിവയർ പ്രസംഗിച്ചു. ഇന്ദുചൂഡനെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. ഗീതാഹിരണ്യന്റെ പത്താംചരമവാർഷികദിനത്തിൽ സംഘടിപ്പിച്ച പുതുകഥ, പുതുകവിത സെമിനാറുകളിൽ പെരുമ്പടവം ശ്രീധരൻ, ഷാജി ജേക്കബ്, ഇ.സന്തോഷ്കുമാർ, കെ.വി.അനൂപ്, സി. പി.ബിജു, സുസ്മേഷ് ചന്ത്രോത്ത്, മ്യൂസ് മേരി ജോർജ്ജ്, കല്പറ്റ നാരായണൻ, വി.എം.ഗിരിജ, പി. രാമൻ, അൻവർ അലി, എസ്.ജോസഫ്, കെ. ആർ.ടോണി, ബിന്ദു കൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ. മുഹമ്മദ് അഹമ്മദ് ഉദ്ഘാടനം ചെയ്ത സാഹിത്യത്തിലെ ഫോക്‌ലോർ സെമിനാറിൽ ജോയ് എം.മണ്ണൂർ, എം. പ്രദീപ്കുമാർ, ടി.ടി.പ്രഭാകരൻ എന്നിവർ സംസാരിച്ചു. തുടർന്ന് നാടൻകലാവതരണവും അരങ്ങേറി.




അക്ഷരപ്പെരുമയുടെ ഭാഗ



മായി നടന്ന ഏഴ് പ്രദർശനങ്ങൾ കാണികളുടെ വലിയ നിരയെ വളരെ ഏറെ ആകർഷിച്ചു. എൻ.എ.നസീറിന്റെ വന്യജീവി ഫോട്ടോഗ്രാഫുകളുടെ പ്രദർശനം Sen in the forest,ഗായത്രി ഡിസൈൻ ചെയ്ത ലോകത്തെ സ്വാധീനിച്ച അമ്പത് പുസ്തകങ്ങൾ, കെ.എച്ച്.ഹുസൈന്റെ നേതൃത്വത്തിൽ നടന്ന ഇ-മലയാളം വികാസ പരിണാമങ്ങൾ, കരുണാകരസ്മൃതി കാർട്ടൂൺ പ്രദർശനം, മദനൻ വരച്ച തൃശൂരിലെ സൗധങ്ങൾ, അക്കാദമി നടത്തിയ മലയാളപ്പെരുമ, ശങ്കർ ബ്ലോക്സിലൂടെ പുറത്തു വന്ന പഴയ പുസ്തകകവറുകളുടെ പ്രദർശനം എന്നിവയായിരുന്നു പ്രദർശനങ്ങൾ.

ആണ്ടിപ്പണിക്കർ നേതൃത്വം നൽകിയ കുരുത്തോലക്കളരി, തെയ്യം അവതരണം, മാസ്റ്റർ മിനോണിന്റെ ബഷീർ കഥാപാത്രരചന, കെ. എം.ശങ്കരന്റെ തത്സമയ രേഖാചിത്രരചന, മുരളീനാരായണന്റെ ഓടക്കുഴൽ കച്ചേരി, ശ്രീവത്സൻ ജെ.മേനോന്റെ മധുരംഗായതി സംഗീതക്കച്ചേരി, സിനിമാ-ഡോക്യുമെന്ററി പ്രദർശനങ്ങൾ, ശ്രീലക്ഷ്മിയുടെ കുച്ചിപ്പുഡി നൃത്തം, നന്ദകിഷോറിന്റെ വിറ്റമൃത്, പാട്ടരങ്ങ്, സെബാസ്റ്റ്യന്റെ ഗിറ്റാർവാദനം, വിവിധ പുസ്തകങ്ങളുടെ പ്രകാശനങ്ങൾ, വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ച മത്സര ഇനങ്ങളായ പകർന്നാട്ടം, പ്രസംഗം, സാഹിത്യക്വിസ്, ചിത്രരചന, ലളിതഗാനം എന്നിവയുടെ അക്ഷരപ്പെരുമയ്ക്ക് മാറ്റുകൂട്ടി. കേരളീയകലകളുടെയും സംസ്കാരത്തിന്റെയും സമ്പൂർണ്ണമായ ഒരാവിഷ്കാരവേദി ആയിട്ടാണ് പുസ്തകോത്സവം വിഭാവനം ചെയ്യപ്പെട്ടത്. അക്ഷരപ്പെരുമ സാംസ്കാരികോത്സവം മുഴുവൻ മലയാൺമയുടെയും നിറഞ്ഞാടലായിട്ടാണ് സാഫല്യമടഞ്ഞത്.





**വേങ്ങയിൽ കുഞ്ഞിരാമൻനായനാർ 150-ാം ജന്മവാർഷികം**

മലയാള ഭാഷാ പാഠശാല, വേങ്ങയിൽ കുടുംബസമിതി എന്നിവയുടെ സഹകരണത്തോടെ ഫെബ്രുവരി 1 ന് കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച കേസരി നായനാർ 150-ാം ജന്മവാർഷിക പരിപാടികൾ പാണപ്പുഴയിലെ വേങ്ങയിൽ തറവാട് മുറ്റത്ത് ടി.പത്മനാഭൻ ഉദ്ഘാടനം ചെയ്തു. വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ രചനകളിൽ ഭാഷയുടെ ആർജ്ജവവും സൗന്ദര്യവും പ്രകാശിക്കുന്നുണ്ടെന്ന് ടി. പത്മനാഭൻ അഭി പ്രായപ്പെട്ടു. ആരെയും അതിശയിപ്പിക്കുന്നതാണ് കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ ഭാഷ. മിക്ക കഥയെഴുത്തുകാർക്കും അസൂ യയോടെ മാത്രമേ കേസരിയുടെ കഥ വായിക്കാൻ കഴിയൂ- അദ്ദേഹം പറഞ്ഞു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അധ്യക്ഷനാ യി. കേസരി സ്മൃതിശില്പം മലയാള ഭാഷാപാഠശാല ഡയറക്ടർ ടി. പി.ഭാസ്കരപ്പൊതുവാൾ അനാവരണം ചെയ്തു. മട്ടന്നൂർ ശങ്കരൻകുട്ടി, ഫോക് ലോർ അക്കാദമി ചെയർമാൻ പ്രൊഫ. മുഹമ്മദ് അഹമ്മദ്, സാഹിത്യ അക്കാദമി വൈസ് ചെയർമാൻ ബാലചന്ദ്രൻ വടക്കേടത്ത്, സി.വി.ബാലകൃഷ്ണൻ, ടി.എൻ.പ്രകാശ് എന്നിവർ സംസാരിച്ചു. സ്മൃതി ശില്പത്തിന്റെ ശിൽപ്പി ദാമോദരൻ വെള്ളാറയെ ചടങ്ങിൽ ആദരിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും വേങ്ങ യിൽ തറവാട്ടിലെ മുതിർന്ന അംഗം ഇന്ദിര നന്ദിയും പറഞ്ഞു.

**രാമവർമ്മ അപ്പൻതമ്പുരാൻ അനുസ്മരണം**

മലയാളിയുടെ ചിന്തകൾ മന്ദബുദ്ധി ജീവികളുടേതായി മാറിയതിന് കേരളത്തിൽ അടുത്തകാലം വരെ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്ര ദായം കാരണമായെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് ഡോ.എം.ജി. എസ്.നാരായണൻ പറഞ്ഞു. അപ്പൻതമ്പുരാൻ അനുസ്മരണം നവം ബർ 19ന് അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരകത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷതവഹിച്ചു. അപ്പൻതമ്പുരാൻ സി.ഡി.



യുടെ പ്രകാശനം വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് നിർവ്വഹിച്ചു. കളക്ടർ പി.എം.ഫ്രാൻസീസ് സി.ഡി.ഏറ്റുവാങ്ങി. കാരാട്ട് പ്രഭാകരൻ, അപ്പൻതമ്പുരാന്റെ ബന്ധുക്കളായ സുഷമ, രാമഭദ്രൻ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, മനീഷ പാങ്ങിൽ എന്നിവർ സംസാരിച്ചു.

**എഴുത്തച്ഛൻ പുരസ്കാരം എം.ടി.യ്ക്ക് സമർപ്പിച്ചു**

തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ കേരള സർക്കാർ നൽകിവരുന്ന പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി, എം.ടി.വാസുദേവൻനായർക്ക് സമർപ്പിച്ചു. ഡിസംബർ 23 ന് തിരുവനന്തപുരം ദർബാർഹാളിൽ ചേർന്ന പുരസ്കാരസമർപ്പണസമ്മേളനത്തിൽ സാസ്കാരികവകുപ്പ് മന്ത്രി കെ.സി. ജോസഫ് അദ്ധ്യക്ഷതവഹിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ആദരപ്രഭാഷണം നിർവ്വഹിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജയകുമാർ പ്രശസ്തിപത്രം വായിച്ച് അവതരിപ്പിച്ചു. സാംസ്കാ



രികവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻപീറ്റർ, അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

**അന്താരാഷ്ട്ര കാവ്യോത്സവം-ലോക കവിസംഗമം**

കേരള സാഹിത്യ അക്കാദമിയും തിരുവനന്തപുരം കൃത്യയും സംയുക്തമായി ജനുവരി 16 മുതൽ 18 വരെ തീയതികളിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടത്തിയ അന്താരാഷ്ട്ര കാവ്യോത്സവം വ്യത്യസ്ത അനുഭവമായി. ഇന്ത്യയിൽനിന്നും ഇന്ത്യക്കു പുറത്തുനിന്നും പങ്കെടുത്ത കവികളുടെ സാന്നിദ്ധ്യം കൊണ്ട് ഒരു ലോക കവിസംഗമമായി കാവ്യോത്സവം മാറി. മലയാളത്തിന്റെ പ്രിയപ്പെട്ട കവി ഒ.എൻ.വി.കുറുപ്പ് കാവ്യോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. രതി സക്സേന ആമുഖപ്രഭാഷണം നടത്തി. കാവ്യ ഫോട്ടോ എക്സിബിഷൻ കെ.ജയകുമാറും രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയുടെ പെയിന്റിംഗ് എക്സിബിഷൻ കൊറിയൻ കവി സമിൽ യാങ്ങും ഉദ്ഘാടനം ചെയ്തു.

വോൾസൺ കിദോങ് കിം, ഫ്രാൻസിസ്കോ അലർകോൺ, രാഖുൽ ലാൻസറസ്, ഖലീൽ അർ റഹ് മാൻ, ഫ്രാങ്കോയിസ് റോയ്, ഇൽഡാ പോഷി, ലീലാധർ മണ്ഡലോയ്, ഗബ്രിയേൽ റോസൻസ്റ്റോക്ക്, ഹർഷദ് എ. ത്രിവേദി, അടോവൽ ബഹ്റമൊഗ്ലു, സച്ചിദാനന്ദൻ, മെന്നാ എൽഫിൻ, കെ.ജയകുമാർ, നീലാപത്മനാഭൻ, അമിർ ഓർ, ഡേവിഡ് റോൺഡോണി, വിശ്വനാഥ് പ്രസാദ് തിവാരി, ഫ്രാൻസിസ്കോ ക്രിസെല്ലി, സിങ്കോണിയ സിങ്കോൺ, ആരിഫ് രാജ, ഹെനാന ആദ്, ബെങ്ങ്ത് ബർഗ്, കവി യാക്കുബ്, മഹാകവി അക്കിത്തം, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, ബാലചന്ദ്രൻ ചുള്ളിക്കാട്, അൻവർ അലി, സെബാസ്റ്റ്യൻ, വിജയലക്ഷ്മി, പി.എൻ.ഗോപീകൃഷ്ണൻ,ഡി.വിനയചന്ദ്രൻ, റഫീക് അഹമ്മദ്, വി.മധുസൂദനൻനായർ, സാവിത്രിരാജീവൻ, ഏഴാച്ചേരി രാമചന്ദ്രൻ,എസ്.രമേശൻനായർ,ചെമ്മനം ചാക്കോ, പി.നാരായണക്കുറുപ്പ്, ഇന്ദ്ര ബാബു, റോസ് മേരി, മോഹനകൃഷ്ണൻ കാലടി, അനിത തമ്പി,



അശോക് ബാജ്പേയ്, യുസുഫ്, മനുഷ്യപുത്രൻ, തരുണി ശുഭദായിനി, സുകുമാരൻ, രാജേന്ദ്ര പട്ടേൽ, ഷൈല അഗ്രവാൾ തുടങ്ങിയവർ വിവിധ സെഷനുകളിൽ കവിതകളവതരിപ്പിച്ചു.

**കുഞ്ഞുണ്ണിമാഷ് അനുസ്മരണം**

കുഞ്ഞുണ്ണിമാഷുടെ ആറാം ചരമവാർഷികത്തോടനുബന്ധിച്ച് മാർച്ച് 26 ന് വലപ്പാട് അതിയാരത്ത് വീട്ടിൽ അനുസ്മരണസമ്മേളനം സംഘടിപ്പിച്ചു. അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ ഉദ്ഘടനം ചെയ്തു. കുഞ്ഞുണ്ണിമാഷ് സ്മാരകസമിതി ചെയർമാൻ ടി.എൻ.പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷതവഹിച്ചു. ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാട് അനുസ്മരണപ്രഭാഷണം നടത്തി. ഗീതാ ഗോപി എം.എൽ.എ. മുഖ്യാതിഥിയായി പങ്കെടുത്തു. വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ബീന അജയഘോഷ്, വർഗ്ഗീസ് മേച്ചേരി എന്നിവർ കുഞ്ഞുണ്ണിമാഷ് സ്മരണകൾ പങ്കിട്ടു.




ഇതോടനുബന്ധിച്ച് നടന്ന സെമിനാറിൽ അക്കാദമി വൈസ് പ്രസിഡണ്ട് ബാലചന്ദ്രൻ വടക്കേടത്ത് മോഡറേറ്ററായി. ഡോ. കൽപ്പറ്റ നാരായണൻ,ഡോ. കെ.ആർ. ടോണി, ഡോ. കെ.ശ്രീകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ.ഗോപാലകൃഷ്ണൻ സ്വാഗതവും കുഞ്ഞുണ്ണിമാഷ് സ്മാരകസമിതി സെക്രട്ടറി കെ. ദിലീപ്കുമാർ നന്ദിയും പറഞ്ഞു.

## പ്രസിദ്ധീകരണ വിഭാഗം

കേരള സാഹിത്യ അക്കാദമിയുടെ ജന്മദൗത്യങ്ങളിൽ ഏറ്റവും സുപ്രധാനമാണ് പുസ്തകപ്രസാധനം. അക്കാദമിയുടെ പ്രമുഖലക്ഷ്യങ്ങളെ സാക്ഷാൽക്കരിക്കുവാൻ പ്രസിദ്ധീകരണവിഭാഗം നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കേരളസംസ്കാരത്തിന്റെയും കലകളുടെയും ഉന്നമനത്തിനു സഹായിക്കുന്ന കൃതികൾ പ്രസിദ്ധീകരിക്കുക, ഇതരഭാഷകളിലെ ഉജ്ജ്വലമായ പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുക, വിഖ്യാതങ്ങളായ പഴയ മലയാളകൃതികൾക്ക് പുതിയ പതിപ്പുകൾ തയ്യാറാക്കുക, മലയാളഭാഷയുടെ പരിപോ

ഷണത്തിന് ഇതര ദ്രാവിഡഭാഷകളുടെ താരതമ്യപഠനത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ പ്രസിദ്ധീകരണവിഭാഗത്തിന്റെ സജീവമായ കർമ്മമേഖലകളാണ്. സൈദ്ധാന്തികവും വൈജ്ഞാനികവുമായ പുസ്തകങ്ങൾ, സാഹിത്യചരിത്ര-ഗവേഷണകൃതികൾ, ഭാഷാശാസ്ത്ര-വ്യാകരണഗ്രന്ഥങ്ങൾ തുടങ്ങി ഭാഷാസ്നേഹികൾക്കും പഠിതാക്കൾക്കും അത്യാവശ്യമുള്ളതും മറ്റു പ്രസാധകർ ഏറ്റെടുക്കാൻ മടിക്കുന്നതുമായ അപൂർവ്വപുസ്തകങ്ങൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാൻ ഈ പ്രവർത്തനവർഷത്തിൽ പ്രസിദ്ധീകരണവിഭാഗം ശ്രദ്ധിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെ വിദ്യാർത്ഥികളും റഫറൻസ് ലൈബ്രറികളും ഗവേഷകരും അക്കാദമിയുടെ പുസ്തകങ്ങളെ ആശ്രയിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുവെന്നത് അഭിമാനകരമാണ്. ഗ്രാമീണവായനശാലകളും കോളേജ് ലൈബ്രറികളും വർഷംതോറും പുസ്തകമെടുക്കുന്നതിന് അക്കാദമിയുടെ പുസ്തകവിൽപ്പനശാല സന്ദർശിക്കാറുണ്ട്. കേരളത്തിലെ ശ്രദ്ധേയമായ പ്രസാധനസ്ഥാപനമായി അംഗീകരിക്കപ്പെടുന്ന അക്കാദമി എഴുത്തുകാരും വായനക്കാരും താൽപ്പര്യത്തോടെയും സംതൃപ്തിയോടെയും സമീപിക്കുന്ന ഒരിടമായി മാറി. കേരളസംസ്കാരപഠനത്തിന്റെയും സാമൂഹ്യവിജ്ഞാനത്തിന്റെയും ജീവചരിത്രവിശകലനങ്ങളുടെയും മേഖലയിൽ ആഴമേറിയതും സമഗ്രവുമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന മൂല്യവത്തായ പുസ്തകങ്ങൾ പുറത്തിറക്കാൻ പിന്നിട്ട ഒരു വർഷത്തിനിടയിൽ അക്കാദമിക്ക് സാധിച്ചിട്ടുണ്ട്.

ഗുഹാകാലം മുതൽ ആധുനികോത്തരകാലം വരെ ഇന്ത്യയിലെ ചരിത്ര-ശിൽപ്പ-വാസ്തുകലകളുടെ സമ്പൂർണ്ണചരിത്രം അവതരിപ്പിക്കുന്ന വിജയകുമാർമേനോന്റെ ഭാരതീയകലാചരിത്രം, പ്രൊഫ.എം.ഹരിദാസ് എഡിറ്റുചെയ്ത അഴീക്കോടിന്റെ കയ്യൊപ്പ്, ഡോ.കെ.കെ.എൻ.കുറുപ്പ് എഡിറ്റുചെയ്ത രവീന്ദ്രനാഥ ടാഗോർ പഠനസമാഹാരം, ടാഗോറിന്റെ ഗീതാഞ്ജലി, അമ്പിളിക്കല എന്നീ കവിതാസമാഹാരങ്ങൾക്ക് ഏറ്റുമാനൂർ സോമദാസന്റെ പരിഭാഷകൾ, കവിതാചരിത്രം സമഗ്രമായി രേഖപ്പെടുത്തിയ ഡോ.എം.ലീലാവതിയുടെ മലയാള കവിതാസാഹിത്യചരിത്രം, പൗരോഹിത്യത്തിന്റെയും സവർണ്ണാധിപത്യത്തിന്റെയും പ്രതാപകാലത്ത്, 1934-ൽ, തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും നിരോധിക്കപ്പെട്ട ഇ.മാധവന്റെ സ്വതന്ത്രസമുദായം, പ്രകൃതിയുടെയും വന്യജീവികളുടെയും വിവരണങ്ങളും അപൂർവ്വഫോട്ടോകളുമായി പ്രസിദ്ധീകരിച്ച എൻ.എ.നസീറിന്റെ കാടും ഫോട്ടോഗ്രാഫറും തുടങ്ങിയ കൃതികൾ പ്രസാധനംചെയ്യാൻ കഴിഞ്ഞതിലൂടെ കേരളത്തിന്റെ പൊതുമണ്ഡലത്തെ ധൈഷണികമായി ജാഗരൂകമാക്കാനും പ്രബുദ്ധമാക്കാനും ശ്രമിക്കുകയായിരുന്നു അക്കാദമി.

ഇക്കാലയളവിൽ അക്കാദമി പ്രസിദ്ധീകരിച്ച താഴെ പറയുന്ന പുസ്ത

കങ്ങളെ തേടി പുരസ്കാരങ്ങളുമെത്തി. കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവസമിതിയുടെ മികച്ച പുസ്തകനിർമ്മിതിക്കുള്ള പുരസ്കാരത്തിന് വിജയകുമാർമേനോന്റെ ഭാരതീയകലാചരിത്രം അർഹമായി. വിജയകുമാർമേനോന്റെ സ്ഥലം, കാലം, കല എന്ന പുസ്തകത്തിന് സി.പി.മേനോൻ പുരസ്കാരം ലഭിച്ചു. പൊന്ന്യം ചന്ദ്രന്റെ കെ.സി.എസ്. പണിക്കർ കലയും ജീവിതവും എന്ന കൃതി കേരള ലളിതകലാ അക്കാദമിയുടെ പുരസ്കാരം നേടി. മികച്ച ജീവചരിത്രകൃതിയ്ക്ക് യുവരശ്മി ലൈബ്രറി ഏർപ്പെടുത്തിയ പവനൻ പുരസ്കാരത്തിന് ചാക്കോ ഡി. അന്തിക്കാട് രചിച്ച പി.ജെ.ആന്റണി-ജീവിതം ഒരാഹ്വാനം എന്ന കൃതി അർഹമായി. വല്ലച്ചിറ വായനശാലയുടെ എൻ.വി.കൃഷ്ണവാരിയർ പുരസ്കാരം ഇയ്യങ്കോട് ശ്രീധരന്റെ എഴുത്തും കരുത്തും എന്ന കൃതിക്ക് ലഭിച്ചു.

അക്കാദമി പുസ്തകങ്ങളെക്കുറിച്ച് പ്രസിദ്ധരായ എഴുത്തുകാർ എഴുതിയിട്ടുള്ള പുസ്തകാവലോകനം മലയാളത്തിലെ എല്ലാ പ്രമുഖ ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ചുവന്നിട്ടുണ്ട്. ഇക്കാലയളവിൽ മലയാളത്തിൽ സമഗ്രമായ ഒരു ശൈലീപുസ്തകം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങളും പബ്ലിക്കേഷൻ വിഭാഗത്തിൽ ആരംഭിച്ചിട്ടുണ്ട്. അതിന്റെ അന്തിമഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

അക്കാദമി പുസ്തകങ്ങൾക്ക് സംഘടിപ്പിച്ച വിവിധ പുസ്തകപ്രകാശനപരിപാടികളിൽ വലിയ ബഹുജനപങ്കാളിത്തമാണ് ഉണ്ടായത്. കിളിമാനൂർ രമാകാന്തന്റെ കവിതകൾ എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനം തിരുവനന്തപുരത്തുവെച്ച് ബഹു.സാംസ്കാരികവകുപ്പുമന്ത്രി കെ.സി.ജോസഫ് നിർവ്വഹിച്ചു. ഒ.എൻ.വി., പെരുമ്പടവം ശ്രീധരൻ, ഡോ. എം.ആർ.തമ്പാൻ, ഡോ.ഡി.ബഞ്ചമിൻ തുടങ്ങിയവർ പ്രകാശനച്ചടങ്ങിൽ പങ്കെടുത്തു. ഇ.മാധവന്റെ സ്വതന്ത്രസമുദായം എന്ന കൃതി കോട്ടയം തിരുനക്കരെവെച്ച് ജി.പ്രിയദർശനന് നൽകി എം.കെ.സാനു പ്രകാശനംചെയ്തു. ബിനോയ് വിശ്വം, തോമസ് ജേക്കബ്, പെരുമ്പടവം ശ്രീധരൻ തുടങ്ങിയവർ പങ്കെടുത്തു. കൃത്യ അന്താരാഷ്ട്ര കാവ്യോത്സവം-2012 തിരുവനന്തപുരത്ത് അരങ്ങേറിയപ്പോൾ സമകാലികലോകകവിതകളുടെ പരിഭാഷ ദൂരെയെന്നാൽ ഒപ്പം പ്രകാശിതമായി. ഡോ.മാത്യുഡാനിയേലിന്റെ പാറപ്പുറത്തിന്റെ നോവലുകൾ ശിൽപ്പവും ദർശനവും എന്ന കൃതി മാവേലിക്കരയിൽ നടന്ന പാറപ്പുറത്ത് അനുസ്മരണസമ്മേളനത്തിൽ വെച്ച് പ്രൊഫ.എം.തോമസ് മാത്യു മേഴ്സി കോശിയ്ക്ക് നൽകി നിർവ്വഹിച്ചു. ടി.കെ.കൃഷ്ണമേനോന്റെ സ്മരണകൾ എന്ന കൃതി പരിഭാഷകനായ അന്തരിച്ച ഡോ.കെ.ടി.രാമവർമ്മയുടെ 80-ാം ജന്മദിന ആഘോഷസമ്മേളനത്തിൽവെച്ച്, തൃശൂരിൽ, ആർ.ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു. തോട്ടയ്ക്കാട്ട് ആശാമേനോൻ ആദ്യപ്രതി സ്വീകരിച്ചു. സാംസൺ ജെ.കൊളാടി എഡിറ്റുചെയ്ത An Anthology of Malayalam

Poems (1959-2010) എന്ന പരിഭാഷാസമാഹാരം തൃശൂരിൽ നടന്ന ചടങ്ങിൽവെച്ച് പത്മശ്രീ പെപിത സെത്ത് പ്രകാശനംചെയ്തു. മാധവൻ അയ്യപ്പത്തും കെ.കെ.യതീന്ദ്രനും കൂടി പരിഭാഷ നിർവഹിച്ച അശ്വഘോഷന്റെ ബുദ്ധചരിതം ഒന്നാംഭാഗം സാഹിത്യ അക്കാദമി ഹാളിൽ നടന്ന ചടങ്ങിൽ ഡോ.ചാത്തനാത്ത് അച്യുതനുണ്ണി ഡോ.ജയനിഷക്കു നൽകി പ്രകാശനം നിർവഹിച്ചു.

കേരളത്തിന്റെ സാംസ്കാരികപ്രബുദ്ധതയുടെ അടിത്തറ കൂടുതൽ ബലപ്പെടുത്തുകയും ആരോഗ്യകരമായ ആശയസംവാദങ്ങളിലൂടെ ബൗദ്ധികമണ്ഡലത്തെ സജീവമാക്കുകയും ചെയ്ത മൂല്യവത്തായ പുസ്തകങ്ങൾ അക്കാദമിയ്ക്ക് കാഴ്ചവെയ്ക്കാൻ കഴിഞ്ഞത് ശുഭോദർക്കമാണ്. ഉള്ളടക്കംകൊണ്ടും നിർമ്മിതികൊണ്ടും ഒട്ടേറെ അപൂർവ്വതകൾ സാക്ഷാത്കരിക്കുന്ന പുസ്തകങ്ങൾ സഹൃദയലോകത്തിന് സമർപ്പിക്കാൻ സാധിച്ചു. ഇപ്പോൾ ഒരുപിടി നല്ല പുസ്തകങ്ങളുടെ പണിപ്പുരയിലാണ് അക്കാദമി എന്ന കാര്യവും അറിയിക്കട്ടെ..

## 2011-2012 ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

| പുസ്തകം | ഗ്രന്ഥകാരൻ |
|---|---|
| 1. ചവിട്ടുനാടകം സാഹിത്യവും സംഗീതവും | ഫാദർ വി.പി.ജോസഫ് വലിയവീട്ടിൽ |
| 2. വാമൊഴികൾ വരമൊഴികൾ | ഒ.എൻ.വി.കുറുപ്പ് |
| 3. വി.എം.കുട്ടികൃഷ്ണമേനോൻ മഹാനായ കർമ്മയോഗി | പനമ്പിള്ളി രവി |
| 4. സാഹിത്യനവോത്ഥാനത്തിന് കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സംഭാവന | കടലായിൽ പരമേശ്വരൻ |
| 5. ഒളപ്പമണ്ണ കാമനയുടെ മുഴുപ്പച്ച | ആര്യാട് സനൽകുമാർ |
| 6. അക്ഷരമുദ്ര | എഡിറ്റർ എഴുമറ്റൂർ രാജ രാജവർമ്മ |
| 7. മലയാറ്റൂർ രാമകൃഷ്ണൻ | ശിവരാമൻ ചെറിയനാട് |
| 8. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - കെ.ദാമോദരൻ | എഡിറ്റർ യു.വിക്രമൻ |
| 9. തെരഞ്ഞെടുത്ത കവിതകൾ പാലാ നാരായണൻനായർ | എഡിറ്റർ എരുമേലി പരമേശ്വരൻപിള്ള |
| 10. അമ്പിളിക്കല - ടാഗോർ | വിവർത്തനം: ഏറ്റുമാനൂർ സോമദാസൻ |
| 11. ഗീതാഞ്ജലി - ടാഗോർ | വിവർത്തനം: ഏറ്റുമാനൂർ സോമദാസൻ |
| 12. An Anthology of Malayalam poems(1959-2010) | Edited by Samson J.Koladi |
| 13. ഒ.മാധവൻ പോരാളിയും നടനും | കെ.സുകുമാരൻ |
| 14. കിളിമാനൂർ രമാകാന്തന്റെ തെര.കവിതകൾ | കിളിമാനൂർ രമാകാന്തൻ |
| 15. ഭാരതീയകലാചരിത്രം | വിജയകുമാർമേനോൻ |
| 16. കേരളത്തിലെ സ്ഥലചരിത്രങ്ങൾ വയനാട് ജില്ല | ടി.സി.ജോൺ |
| 17. മൂത്തിരിങ്ങോട്ട് - കാറ്റു വിതച്ച കാലം | കെ.എൻ.സനിൽ |

| | |
|---|---|
| 18. മൺതരിമുതൽ മഹാകാശംവരെ | കെ.പി.സുധീര |
| 19. ബുദ്ധചരിതം - അശ്വഘോഷൻ | പരിഭാഷ: മാധവൻ അയ്യപ്പത്ത്, കെ.കെ.യതീന്ദ്രൻ |
| 20. അഴീക്കോടിന്റെ കയ്യൊപ്പ് | എഡിറ്റർ എം.ഹരിദാസ് |
| 21. ദേശം കണ്ടാണശ്ശേരി വട്ടംപറമ്പിൽ വേലപ്പൻ അയ്യപ്പൻ | എഡിറ്റർ രാവുണ്ണി |
| 22. സൂര്യകാന്തം | കെ.വി.രാമകൃഷ്ണൻ |
| 23. ടാഗോർ പഠനങ്ങൾ | എഡിറ്റർ കെ.കെ.എൻ.കുറുപ്പ് |
| 24. കാടും ഫോട്ടോഗ്രാഫറും | എൻ.എ.നസീർ |
| 25. മലയാളകവിതാസാഹിത്യ ചരിത്രം | ഡോ.എം.ലീലാവതി |
| 26. അധിനിവേശത്തിന്റെ ആസുരവഴികൾ (രണ്ടാംപതിപ്പ്) | കെ.എം.രാഘവൻനമ്പ്യാർ |
| 27. കാവ്യാനുശീലനം | ഡോ.എസ്.കെ.വസന്തൻ |
| 28. സ്വതന്ത്രസമുദായം | ഇ.മാധവൻ |
| 29. പാറപ്പുറത്തിന്റെ നോവലുകൾ: ശില്പവും ദർശനവും | മാത്യു ഡാനിയൽ |
| 30. തെയിറ്റീറ്റസ് | ഡോ.ഡി.രാജേന്ദ്രൻ |
| 31. കേശവദേവിന്റെ ആത്മാവ് | ആര്യനാട് സത്യൻ |
| 32. ഹോർത്തൂസ് ഇട്ടി അച്യുതനും സത്യവും മിഥ്യയും | എ.എൻ.ചിദംബരൻ |
| 33. ഭാഷാപ്രതിഭ സി.എൽ.ആന്റണി | ഡോ.ഷൊർണൂർ കാർത്തികേയൻ |

# പുസ്തകവില്പന വിഭാഗം

2011-12 സാമ്പത്തിക വർഷത്തിൽ വില്പനശാല വഴി 40,73,688/-രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തക പ്രദർശനത്തിൽ 11,69,611/- രൂപ മുഖവിലയുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന 52,43,299/- രൂപയാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 17.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പുസ്തകപ്രദർശനവും വില്പനയും താഴെപ്പറയുന്ന സ്ഥലങ്ങളിൽ നടന്നു.

1. പതിനഞ്ചാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം 2011
   2.12.2011-11.12.2011, എറണാകുളത്തപ്പൻ ഗ്രൗണ്ട്
   എറണാകുളം
2. തിരുവനന്തപുരം പുസ്തകമേള 22.12.2011-31.12.2011
   സംസ്കൃതകോളേജ് ക്യാമ്പസ്.
3. പുസ്തകപ്രകാശനം അക്കാദമി ഹാൾ- 23.7.2011.
4. ദേശീയ പുസ്തകോത്സവം-അക്ഷരപ്പെരുമ സാംസ്കാരികോത്സവം
   2.1.2012 - 12.1.2012 അക്കാദമി കാമ്പസ്

5. ഇന്റർ നാഷണൽ ബുക് ഫെയർ, 13.1.2012 - 23.1.2012 എം.ജി.യൂണിവേഴ്സിറ്റി ലൈബ്രറി.
6. 28-ാമത് ദർശന അന്താരാഷ്ട്ര പുസ്തകോത്സവം 27.1.2012 - 5.2.2012 തിരുനക്കര മൈതാനം.
7. തുഞ്ചൻ ഉത്സവം 2012, 1.2.2012 - 4.2.2012, തിരൂർ തുഞ്ചൻപറമ്പ്
8. അന്തർദ്ദേശീയ നാടകോത്സവം 1.2.2012 - 8.2.2012, കേരള സംഗീത നാടക അക്കാദമി കാമ്പസ്.
9. അക്ഷരോത്സവം 2012 10.2.2012- 21.2.2012 തൃശൂർ പബ്ലിക് ലൈബ്രറി
10. വൈദ്യർ മഹോത്സവം 2012, 17.2.2012- 20.2.2012, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം, കൊണ്ടോട്ടി മലപ്പുറം.
11. പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം 2012 23.2.2012-26.2.2012, ശ്രീപാർവ്വതി മണ്ഡപം, ചന്ദ്രനഗർ, പാലക്കാട്
12. പെൺമയുടെ മഹോത്സവം, തന്റേടം ജെന്റർ ഫെസ്റ്റിവൽ 2012 8.3.2012-17.3.2012 ജാഫർഖാൻ കോളനി ഗ്രൗണ്ട്, കോഴിക്കോട്.
13. സ്വതന്ത്രസമുദായം പുസ്തകപ്രകാശനം, 20.3.2012 ബാങ്ക് എംപ്ലോയീസ് ഹാൾ, കോട്ടയം.
14. കൃത്യ അന്താരാഷ്ട്ര കാവ്യോത്സവം തിരുവനന്തപുരം 16.1.2012-18.1.2012
15. ഡോ.സി.പി.മേനോൻ സ്മാരക അവാർഡ് സമർപ്പണചടങ്ങ്- 28.9.2011 കൊച്ചിൻ യൂണിവേഴ്സിറ്റി ഫിസിക്സ് കോൺഫറൻസ് ഹാൾ.
16. പുസ്തകപ്രകാശനം അക്കാദമി ഹാൾ - 12.11.2012
17. ആലപ്പുഴ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം, 22.3.2012-24.3.2012, മുനിസിപ്പൽ ടൗൺഹാൾ, ആലപ്പുഴ

## കേരള സാഹിത്യ അക്കാദമി ലൈബ്രറി

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലൈബ്രറികളിൽ ഒന്നാണ് കേരള സാഹിത്യ അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയുടെ പ്രത്യേകതയാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവർക്ക് ഏക ആശ്രയമാണ്. കേരളത്തിനകത്തുനിന്നും പുറത്തുനിന്നും നിരവധി ഗവേഷകർ, പ്രൊഫസർമാർ, അദ്ധ്യാപകർ, ദൂരദർശൻ, റേഡിയോ, പത്രം, സ്വകാര്യ ചാനലുകൾ തുടങ്ങിയവയിലെ മാധ്യമപ്രവർത്തകർ, സാംസ്കാരിക നായകൻമാർ, സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ തുടങ്ങി സാധാരണ ഗ്രാമീണർ വരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ വന്നു കൊണ്ടിരിക്കുന്നു. പുസ്തകങ്ങളും, പുസ്തകേ

തരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും, റഫറൻസിനും എത്തുന്നവരുടെ ദിവസേനയുള്ള വർദ്ധനവിന് പുറമെ ഇന്റർനെറ്റ്, വെബ്സൈറ്റ്, ഇ–മെയിൽ, ടെലഫോൺ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നു.

**ഗവേഷണകേന്ദ്രം**

അക്കാദമി കേന്ദ്രമാക്കി 40 പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്ന 175 പേർ ഇവിടെ രജിസ്റ്റർ ചെയ്ത് റഫറൻസ് നടത്തുന്നു. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിൽ അയച്ച് യു.ജി.സി.യിൽനിന്നും, സർക്കാരിൽനിന്നും, യൂണിവേഴ്സിറ്റികളിൽനിന്നും സ്കോളർഷിപ്പ് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി. പോൾ പഠന ഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

**ബുക്ക് ഡെപ്പോസിറ്ററി**

മലയാളത്തിൽ ഇന്നോളം പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് അക്കാദമി ലൈബ്രറി. മലയാളത്തിൽ ഇത്രയും വിപുലമായ ഒരു പുസ്തകസഞ്ചയം ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിയിൽ പോലുമില്ല. പുസ്തകങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ശേഖരിച്ച് പുസ്തകങ്ങൾ വാങ്ങി സംഭരിക്കുന്നത് ഒരു ദൈനംദിന പ്രവർത്തനമാണ്.

**മലയാളഗ്രന്ഥസൂചി**

അച്ചടിയുടെ ആരംഭം മുതൽ മലയാളഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന മലയാളഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. സാഹിത്യവിദ്യാർത്ഥികൾക്കും സാഹിത്യഗവേഷകർക്കും, പുസ്തകപ്രേമികൾക്കും മാസങ്ങളോളം നീണ്ടുനിൽക്കുന്ന അന്വേഷണത്താൽ മാത്രം കണ്ടെത്താവുന്ന പുസ്തകവിവരങ്ങൾ ഞൊടിയിടയിൽ കണ്ടെത്തുന്നതിന് ഗ്രന്ഥസൂചി സി.ഡി.യിലൂടെ കഴിയുന്നു. അച്ചടിയുടെ ആരംഭം മുതൽ 2000 വരെയുള്ള പുസ്തകങ്ങളാണ് സി.ഡി.യിൽ തയ്യാറാക്കിയിട്ടുള്ളത്. 2001 –2011 വരെയുള്ള പുസ്തകവിവരങ്ങൾ ഇപ്പോൾ ഉൾപ്പെടുത്തുന്നു.

**ഡിജിറ്റൽ ലൈബ്രറി**

കേരള സാഹിത്യ അക്കാദമിക്കും, സാംസ്കാരിക കേരളത്തിനും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ

അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റലൈസ്ചെയ്ത് ലോക്കൽ ലൈബ്രറി നെറ്റ്‌വർക്ക്, ഇന്റർനെറ്റ്, ഇന്റർ ആക്ടീവ് സി.ഡി. എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നു.

പ്രാചീനവും, ചരിത്രപ്രധാന്യമുള്ളതും അപൂർവ്വവും, മൂല്യവത്തുമായ പുസ്തകങ്ങൾ ഡിജിറ്റിൽ ചെയ്ത് വരും തലമുറയ്ക്ക് സുരക്ഷിതമായി കൈമാറുന്നതിനും പുതിയ പുസ്തകം പോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ എല്ലാം ഒരുക്കിക്കൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണ ജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടും കൂടാതെ സ്കാൻ ചെയ്യാവുന്ന രീതിയിൽ സവിശേഷമായ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സ്കാനിങ് ജോലികൾ വളരെ വേഗത്തിൽ ചെയ്തുവരുന്നു. ഡിജിറ്റൽ ഫോമിൽ ഒരുക്കിയ പുസ്തകവിവരങ്ങൾ പുതിയ രൂപത്തിൽ സിഡിയിൽ ഇ. ബുക്കായി മാറ്റുന്നു. ഇതുവരെ 709 പുസ്തകങ്ങൾ (247617 പേജ്) സി.ഡി.ആക്കി മാറ്റിയിട്ടുണ്ട്. 595 പുസ്തകങ്ങൾ (156871 പേജുകൾ) സി.ഡി.ആക്കാൻ തയ്യാറായിട്ടുണ്ട്. 506 പുസ്തകങ്ങൾ (91633 പേജ്) ഗ്രാഫിക് ടച്ച് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. 3070 പുസ്തകങ്ങൾ (820834 പേജ്) സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ലൈബ്രറിയിൽ എത്തുന്ന വായനക്കാർക്ക് എളുപ്പത്തിൽ പ്രയോഗിക്കാൻ കഴിയുന്ന വിവരാന്വേഷിയും ഉണ്ട്. ഇ-പുസ്തകം എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഡിജിറ്റൽ പേജുകളിൽനിന്നും വിവരങ്ങൾ അനായാസേന ലഭിക്കുന്നു. ഡിജിറ്റൽ വിവരങ്ങൾ ഏതെല്ലാം രീതിയിൽ അന്വേഷിക്കാൻ സാധ്യതയുണ്ടോ അതിനെല്ലാം ഇൻഡക്സ് തയ്യാറാക്കിയിട്ടുണ്ട്.

ലൈബ്രറിരംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്ട്‌വെയർ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടെയും ഗ്രന്ഥസൂചിയാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രിതീയിൽ സർച്ച് എഞ്ചിനോടു കൂടിയ ഇ.സിഡി മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്. 2000 ന് ശേഷം ഉള്ള പുസ്തകങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

മലയാള സാഹിത്യ പാരമ്പര്യം എന്ന ഇന്ററാക്ടീവ് സിഡി മൺമറഞ്ഞ മലായള സാഹിത്യ പ്രതിഭകളുടെ എണ്ണച്ഛായ ചിത്രം, ശബ്ദം, കൈപ്പട, ജീവചരിത്രക്കുറിപ്പുകൾ, കൃതികൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഇ.സിഡി മലയാള സാഹിത്യ

വിദ്യാർത്ഥികളും അദ്ധ്യാപകരും ധാരാളമായി ഉപയോഗിക്കുന്നു.

അക്കാദമി ലൈബ്രറിയിൽ 2011-2012 വർഷത്തിൽ 4641 ഓളം പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ലൈബ്രറിയിലെ പ്രത്യേകശേഖരങ്ങളായ രാമവർമ്മ റിസർച്ച് ലൈബ്രറി, കൃഷ്ണകല്ല്യാണി ലൈബ്രറി, കെ. സുകുമാരൻ മെമ്മോറിയൽ ലൈബ്രറി, വിലാസിനി ലൈബ്രറി എന്നീ വിഭാഗങ്ങളിലെ പുസ്തകങ്ങൾ ധാരാളം പേർ റഫറൻസിനായി ഉപയോഗപ്പെടുത്തുന്നു. അക്കാദമി ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾക്കായി ഒരു പ്രത്യേക ശേഖരമുണ്ട്. ഓരോ വിഭാഗവും പ്രത്യേകം ക്ലാസിഫൈ ചെയ്ത് ക്രമീകരിച്ചിരിക്കുകയാണ്. 13 ദിനപത്രങ്ങളും 177 ആനുകാലികപ്രസിദ്ധീകരണങ്ങളും അക്കാദമി ലൈബ്രറിയിൽ വരുന്നുണ്ട്.

അക്കാദമി ലൈബ്രറി പ്രയോജനപ്പെടുത്തി പുസ്തകം രചിക്കുന്നതിനായി 9 പേരെ ഈ സാമ്പത്തിക വർഷം തിരഞ്ഞെടുത്തു. ഇവർക്ക് മാസം 2500 രൂപ സ്കോളർഷിപ്പ് നൽകുന്നു. ഇതിന് പുറമെ വർഷം 2500 രൂപ യാത്രബത്തയും നൽകുന്നു. ഇവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനുമായി ഓരോ സ്കോളർമാർക്കും പ്രത്യേകം ഗൈഡിനെ അനുവദിച്ചിട്ടുണ്ട്.

അക്കാദമിയുടെ ആർക്കൈവ്സിൽ 1950ന് മുൻപ് പ്രസിദ്ധീകരിച്ച മലയാള പുസ്തകങ്ങൾ മൈക്രോ ഫിലിമാക്കി സൂക്ഷിച്ചിരിക്കുന്ന മൈക്രോ ഫിലിം ലൈബ്രറി, സാംസ്കാരിക നായകൻമാരുടെ ശബ്ദം റെക്കോഡ് ചെയ്ത് 700 ഓഡിയോ കാസറ്റുകളിലാക്കി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവ ഉണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവൻ ഡിജിറ്റൽ ഫോമുകളിലാക്കി സീഡികളിൽ സൂക്ഷിച്ചിരിക്കുന്നു. താളിയോല ഗ്രന്ഥങ്ങളുടെ ഒരപൂർവ ശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനോടൊപ്പം ഇതിന്റെ വിവരണാത്മക ഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്. ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വ രേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രൊജക്ട് വഴി നടപ്പാക്കികൊണ്ടിരിക്കുന്നു.

കേരള സാഹിത്യ അക്കാദമി ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിങ്ങ് സെന്റർ ആയി മാനവവിഭവ വികസന വകുപ്പ് അംഗീകരിച്ചു. ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള ട്രെയിനിങ്ങ് നടത്തുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റു

കളും ദിവസേന വർദ്ധിക്കുന്നു. ലൈബ്രറിയുടെ സ്ഥലപരിമിതി കണക്കിലെടുത്ത് ഡിജിറ്റൽ ലൈബ്രറിക്കായി എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ സുവർണ്ണ ജൂബിലി മന്ദിരത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം, സാഹിത്യലോകം, മലയാളം ലിറ്ററി സർവേ എന്നിവയാണ് അക്കാദമിയുടെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ. സാഹിത്യചക്രവാളം മാസികയിൽ സാഹിത്യ-സാംസ്കാരികരംഗത്തെ വാർത്തകൾ, അവാർഡുകളെക്കുറിച്ചുള്ള വിവരങ്ങൾ, ആനുകാലിക കഥകൾ കവിതകൾ, സാംസ്കാരികലേഖനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശകലനങ്ങൾ, പുസ്തകപരിചയം, സ്മരണകൾ, പഴയതാളുകൾ തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തുന്നുണ്ട്. ഇതിനും പുറമെ 2011 ആഗസ്റ്റ് ലക്കം മുതൽ പ്രസിദ്ധരായ എഴുത്തുകാരുടെ ആദ്യകാലരചനാനുഭവങ്ങളെ ആസ്പദമാക്കിയുള്ള (ആദ്യചുവടുകൾ) പംക്തിയും ആരംഭിച്ചിട്ടുണ്ട്. പുസ്തകപരിചയം എന്ന കോളവും വളരെ ശ്രദ്ധേയമാണ്.

സാഹിത്യലോകം ദ്വൈമാസിക ഭാഷാസാഹിത്യസംസ്കാരപഠനങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ളതാണ്. 2011 മെയ്-ജൂൺ ലക്കം ലേഖനങ്ങൾ, കവിതകൾ, പുസ്തകനിരൂപണങ്ങൾ ഉൾപ്പെടുത്തിയുള്ള ലക്കമായിരുന്നു. തുടർന്നു വരുന്ന നാല് ലക്കങ്ങൾ (2011 ജൂലായ്-ആഗസ്റ്റ് മുതൽ 2012 ജനുവരി-ഫെബ്രുവരി ഉൾപ്പെടുത്തി 'ടാഗോർ പതിപ്പ്' പ്രസിദ്ധീകരിച്ചു. മറ്റും ലേഖനങ്ങളും കവിതകളും പുസ്തകനിരൂപണങ്ങളും ഈ ലക്കത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടാഗോറിന്റെ ചിത്രഭാഷ, ഗീതാഞ്ജലി, ടാഗോറിന്റെ ശാസ്ത്രകാമനകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം ലേഖകർ പഠനവിധേയമാക്കിയിട്ടുണ്ട്. മലയാള സാഹിത്യത്തെക്കുറിച്ചുള്ള ആഴമേഴിയ പഠനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ത്രൈമാസികമാണ് മലയാളം ലിറ്ററി സർവ്വേ.

### സാംസ്കാരികഡയറി 2012

സാംസ്കാരികഡയറി 2012 നടപ്പുവർഷത്തിൽ യഥാസമയം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. 2011 ഡിസംബർ ഒന്നാം തീയതി മുതൽ ഡയറിയുടെ വിൽപ്പന തുടങ്ങി. ഈ വർഷത്തെ ഡയറിയിലും കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളിക്കാനും ഇതിന്റെ മുദ്രണം കൂടുതൽ കമനീയവും പ്രയോജനപ്രദമാക്കാനും കഴിഞ്ഞു. സാംസ്കാരിക സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സാഹിത്യപ്രവർത്തകർക്ക് വളരെ പ്രയോജനപ്രദമാണ്. സാംസ്കാരിക ഡയറിയിലേക്ക് പരസ്യങ്ങൾ ശേഖരിക്കുന്നതി

നുള്ള ശ്രമം ഒരളവോളം വിജയിക്കുകയുണ്ടായി. ഓരോ മാസത്തിന്റെ ആരംഭത്തിലും ഓർമ്മസൂചി, ഓരോ ദിവസത്തെയും ചൈതന്യവത്താക്കുന്ന മഹദ് വചനങ്ങൾ എന്നീ കാര്യങ്ങളും ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി, പ്രാദേശിക അക്കാദമികൾ, മന്ത്രിമാർ എന്നിവരേയും അക്കാദമി ജീവനക്കാരേയും സംബന്ധിച്ചുള്ള വിവരങ്ങളും ഡയറിയിൽ ചേർത്തിട്ടുണ്ട്.

## അപ്പൻതമ്പുരാൻ സ്മാരകം

അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരകം ഒരു സാഹിത്യകാര മ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. ശ്രീരാമവർമ്മ അപ്പൻ അപ്പൻതമ്പുരാന്റെ കൃതികൾ ഫോട്ടോകൾ, കേരളചരിത്ര നിർമ്മാണത്തിനായി സ്വയം വരച്ച മാപ്പുകൾ. അവ വരയ്ക്കാൻ ഉപയോഗിച്ച പെന്റോഗ്രാഫ് (സ്വയം നിർമ്മിതം) രാജകീയ ഉടുപ്പുകൾ, ഭൂതരായർ നോവലിലെ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ, അപ്പൻ തമ്പുരാന്റെ ഡയറി, അദ്ദേഹം ശേഖരിച്ച പഴഞ്ചൊല്ലുകൾ എന്നിവ ഇവിടെ സാംസ്കാരികത്തനിമ നിലനിർത്തിക്കൊണ്ട്തന്നെ സൂക്ഷിച്ചുവരുന്നു. ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴകൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻ തരകൻ, ജി. കുമാരപിള്ള, വിലാസിനി, മാധവിക്കുട്ടി എന്നിവരുടെ സ്മാരകവസ്തുക്കളും ഇവിടെ സൂക്ഷിക്കുന്നുണ്ട്. മൺമറഞ്ഞ പ്രഗത്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സുക്ഷിച്ചുവെക്കുന്ന ജോലിയും തുടർന്നുവരുന്നു.

ഈ വർഷം 196 പേർ മ്യൂസിയം സന്ദർശിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകഡയറിയിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

ഇവിടെയുള്ള മാസികാശേഖരങ്ങളും പുസ്തകശേഖരങ്ങളും സാഹിത്യാസ്വാദകരായ സുമനസ്സുകളുടെ സംഭാവനയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും പ്രസിദ്ധീകരിച്ച അമൂല്യങ്ങളായ ശേഖരങ്ങളാണ് ഇവ. സത്യനാദകാഹളം, വിദ്യാവിനോദിനി, രസികരഞ്ജിനി, ഭാഷാപോഷിണി, ഉണ്ണിനമ്പൂതിരി, ലക്ഷ്മിഭായി, ശാരദ തുടങ്ങി അപൂർവ്വങ്ങളായ മാസികകൾ അവയിൽ ഉൾപ്പെടുന്നു. കൂടാതെ വിശേഷാൽപ്പതിപ്പുകളുടേയും സ്മരണികകളുടേയും ശേഖരങ്ങളുമുണ്ട്. കേരളഗസറ്റുകളും ഇവിടെ സൂക്ഷിച്ചു വരുന്നു.

ഇപ്പോൾ മാസികാശേഖരത്തിൽ എണ്ണായിരത്തി ഒരുനൂറ്റി എൺപത്തി ഒമ്പത് ബൗണ്ട്വോള്യം മാസികകളുണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ ശേഖരം, സക്കറിയ ശേഖരം, ജി. കുമാരപിള്ള ശേഖരം തുടങ്ങിയവയിലെല്ലാമായി 1600ലധികം ബോണ്ട്വോള്യം മാസികകൾ വേറെ

യുമുണ്ട്. ആറ്റൂർ, മുണ്ടശ്ശേരി, കേരളവർമ്മ വലിയകോയിതമ്പുരാൻ, വടക്കേ കുറപ്പത്ത് കുഞ്ഞൻമേനോൻ, വടക്കേ ഇളമനഹരി, ടി.എം. ചുമ്മാർ, കുറ്റിപ്പുഴ, പുത്തൻകാവ്, മാത്തൻതരകൻ, പി.എ. മേനോൻ, ജി. കുമാരപിള്ള, സി.എൽ. ആന്റണി എന്നിവരുടെ സംഭാവനയാണ് പുസ്തക ശേഖരത്തിലുള്ളത്. ഇത് ഏകദേശം (15,000) പതിനയ്യായിരം വരും. കാലപ്പഴക്കം കൊണ്ട് ശോച്യാവസ്ഥയിലെത്തിയ ശാരദ, സഞ്ജയൻ, കേസരി, സഹോദരൻ തുടങ്ങിയ മാസികകൾ ഫോട്ടോകോപ്പി എടുത്തുവെക്കുന്ന ജോലിയും തുടർന്നുവരുന്നു. പ്രസ്തുത വർഷം 676 പേർ ഈ മാസികാ പുസ്തകശേഖരം റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില്പനയും കൈരളീഗ്രാമത്തിലെ മുറികൾ വാടകക്കുകൊടുക്കുന്ന പതിവും തുടർന്നു വരുന്നു. പുതിയതായി ലഭിച്ച ഭൂമിയിൽ ലൈബ്രറികെട്ടിടം പണിയുന്നതിന് ശിലാസ്ഥാപനം സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബി നിർവ്വഹിച്ചു.

ഭാഷാ - സാഹിത്യചരിത്രത്തിലെ അമൂല്യങ്ങളായ രസികരഞ്ജിനി, മംഗളോദയം, ലക്ഷ്മീഭായ്, സാഹിത്യപരിഷത്ത്, രാജർഷി, ഉണ്ണി നമ്പൂതിരി വിവേകോദയം, വിദ്യാവിനോദിനി, ആത്മപോഷിണി, കൈരളി, ഭാഷാപോഷിണി, സത്യനാദകാഹളം, കവനകൗമുദി, സുമംഗല, സാഹിത്യവിനോദിനി, സ്വദേശാഭിമാനി, സാഹിത്യമാലിക, ഹിതവാദി, ചരകസംഹിത, സ്തവരത്നസംഹിത, മഹിള, സ്തവരത്നദീപിക, സദ്ഗുരു, ജയകേരളം, തുഞ്ചത്തെഴുത്തച്ഛൻ, വിദ്യാഭിവർദ്ധിനി, വിശ്വപ്രേമം, വിവേകവാണി, വിജ്ഞാനരത്നാകരം, ശാരദ, സഞ്ജയൻ, ധന്വന്തരി, ഗുരുനാഥൻ, വനിതാകുസുമം തുടങ്ങിയ മാസികകളുടെ ഇവിടെയുള്ള ലക്കങ്ങളുടെ സ്കാനിംഗ് കഴിയുകയും ഡിജിറ്റൽ വർക്കുകൾ തുടർന്നു വരികയും ചെയ്യുന്നു. രാമവർമ്മ അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19ന് സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും അനുസ്മരണസമ്മേളനം കൂടുകയും ഉണ്ടായി. തമ്പുരാന്റെ ജീവചരിത്രം, കൃതികൾ, ചിത്രങ്ങൾ, ദിനക്കുറിപ്പുകൾ, അദ്ദേഹം ശേഖരിച്ച നാടോടിസാഹിത്യം, സമാഹരിക്കാത്ത രചനകൾ, പഠനങ്ങൾ, അനുസ്മരണക്കുറിപ്പുകൾ എന്നിവ ഉൾക്കൊള്ളുന്ന സി.ഡി.യുടെ പ്രകാശനവും അന്നേദിവസം നടന്നു. ഈ സി.ഡി.യുടെ വില്പനയും നടന്നു വരുന്നു.

## ഭരണപരമായ കാര്യങ്ങൾ

നടപ്പുസാമ്പത്തിക വർഷത്തിൽ ജനറൽ കൗൺസിലിന്റെ ഒരു യോഗങ്ങളും നിർവ്വാഹകസമിതിയുടെ 2 യോഗവും ചേർന്നിട്ടുണ്ട്.

14.06.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 329/11/സിഎഡി പ്രകാരം അക്കാദമി സെക്രട്ടറിയായി ശ്രീ. ആർ.ഗോപാലകൃഷ്ണൻ 20.06.2011 ന് ചാർജ്ജെടുത്തു.

06.07.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 363/11/സിഎഡി പ്രകാരം അക്കാദമി പ്രസിഡണ്ടായി ശ്രീ.പെരുമ്പടവം ശ്രീധരൻ 18.07.2011 ന് ചാർജ്ജെടുത്തു.

02.08.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 398/11/സിഎഡി പ്രകാരം ശ്രീ. ബാലചന്ദ്രൻ വടക്കേടത്ത് വൈസ് പ്രസിഡണ്ടായി നിയമിതനായി.

22.03.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 171/12/സിഎഡി പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചു.

1. ജില്ലാ കളക്ടർ, തൃശൂർ- ട്രഷറർ
2. ശ്രീ. സാജൻപീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികവകുപ്പ്
3. ശ്രീ. അക്ബർ കക്കട്ടിൽ, കോഴിക്കോട്
4. ശ്രീമതി വിജയലക്ഷ്മി, കൊച്ചി
5. ശ്രീ. ജോസ് പനച്ചിപ്പുറം, കോട്ടയം
6. ശ്രീ. അജിതൻ മേനോത്ത്, തൃശൂർ
7. ശ്രീമതി ഗിരിജാസേതുനാഥ്, തിരുവനന്തപുരം
8. പ്രൊഫ. സന്തോഷ് ജെ.കെ.വി., ചങ്ങനാശ്ശേരി
9. ശ്രീ.വാണീദാസ് എളയാവൂർ, കണ്ണൂർ
10. ശ്രീ. ഇബ്രാഹിം ബേവിഞ്ച, കാസർഗോഡ്
11. ശ്രീ. ജെന്നിംഗ്സ് ജേക്കബ്, മാവേലിക്കര
12. ഡോ.പ്രമീളാദേവി, കോട്ടയം
13. ശ്രീ. എം.ഡി.രാജേന്ദ്രൻ, കോട്ടയം
14. ശ്രീ. പി.കെ.പാറക്കടവ്, കോഴിക്കോട്
15. ഡോ.ആർ.സത്യജിത്, തിരുവനന്തപുരം
16. ഡോ.അജയപുരം ജ്യോതിഷ്കുമാർ, തിരുവനന്തപുരം.

# ഉപസംഹാരം

ഒട്ടേറെ അർത്ഥവത്തായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിയ ഒരു കാലയളവാണിത്. കേരളത്തിനു മാതൃകയായ വിധം നന്മനിറഞ്ഞ വായനയേയും പുസ്തകപ്രചാരണത്തേയും ലക്ഷ്യമാക്കി നടത്തിയ ദേശീയ പുസ്തകോത്സവം, മലയാളഭാഷയുടെ ശൈലീ ഏകീകരണത്തിനും ശ്രേഷ്ഠഭാഷാ പദവി നേടുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ തുടങ്ങിവയ അക്കാദമി ചരിത്രത്തിലെ രേഖകളായി മാറും. പുസ്തക വില്പനയിലും ഉണ്ടായ കുതിപ്പും അങ്ങനെ തന്നെ. ഇപ്പോൾ പുതിയ പ്രവർത്തനവർഷത്തിലേയ്ക്കുള്ള കുതിപ്പിലാണ് അക്കാദമി. നവംബറിൽ നടക്കുന്ന ലോകമലയാളി സംഗമത്തിന്റെ കേളികൊട്ട് ഉയർന്നുകഴിഞ്ഞു.

# കേരള സാഹിത്യ അക്കാദമി

## വരവ് - ചെലവ് സറ്റേറ്റ്മെന്റ് 2011-12

| | തുക |
|---|---|
| മുന്നിരിപ്പ് | 2,09,27,221 |

## വരവ്

| | |
|---|---|
| 1.മലയാളം ലിറ്റററി സർവ്വേ | 33,344 |
| 2.സാഹിത്യലോകം | 66,880 |
| 3.സാഹിത്യചക്രവാളം | 24,700 |
| 4.കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 26,48,795 |
| 5.മലയാളഭാഷാ പരിഷ്ക്കരണകമ്മിറ്റി പബ്ലി. | 3,241 |
| 6.പരസ്യം - സാഹിത്യലോകം | 7,000 |
| 7.തപാൽ ചാർജ് തിരികെ ലഭിച്ചത് | 5,135 |
| 8.സാംസ്കാരിക ഡയറി | 18,600 |
| 9.ഫോട്ടോകോപ്പി | 52,115 |
| 10.ഓഡിറ്റോറിയം വാടക | 4,14,150 |
| 11.വൈലോപ്പിള്ളി ഹാൾ വാടക | 67,980 |
| 12.ബഷീർ വേദി വാടക | 20,000 |
| 13.അഡ്വാൻസ് റീഫണ്ട് | 2,03,979 |
| 14.ലൈബ്രറി ഫീസ് | 23,650 |
| 15.കൈരളി ഗ്രാമം വാടക | 33,750 |
| 16. കേന്ദ്ര സാഹിത്യ അക്കാദമിയിൽ നിന്ന് ലഭിച്ചത് | 3,388 |
| 17. ഓഡിറ്റ് റിക്കവറി | 31,271 |
| 18. സെയിൽസ് ടാക്സ് | 5,46,661 |
| 19. പരസ്യം - സാഹിത്യ ചക്രവാളം | 1,000 |
| 20.ഡി ടി പി ചാർജ് തിരികെ കിട്ടിയത് | 4,050 |
| 21.വിവരാവകാശ നിയമം | 16 |
| 22.സെക്യൂരിറ്റി ഡെപ്പോസിറ്റ് - എൻ ഡി സി | 7,433 |
| 23.പരസ്യം - സാംസ്കാരിക ഡയറി | 60,950 |
| 24.NCRTയിൽ നിന്നും പ്രതിഫലം(ലേഖനം)കിട്ടിയത് | 5,000 |
| 25.ഇന്ററാക്റ്റീവ് സി ഡി | 8,360 |
| 26.സിനിമ ഷൂട്ടിംഗ് വാടക | 3,000 |
| 27.പുസ്തകവില്പന-മറ്റു പ്രസാധകർ | 3,54,571 |
| 28.സ്ക്രാപ്പ് ലേലം | 2,775 |

| | | |
|---|---|---|
| 29.ഇരുമ്പ് (പഴയത്) ലേലം | | 5,000 |
| 30.ക്ഷേമനിധി | | 1,80,000 |
| 31.പഴയ മരം - ലേലം | | 6,250 |
| 32.പഴയ പത്രം വിറ്റത് | | 4,805 |
| 33.കൂടുതൽ കൊടുത്തത് തിരികെ അടച്ചത് | | 1,876 |
| 34.ദേശീയ പുസ്തകോത്സവം സ്റ്റാൾ വാടക | | 4,22,095 |
| 35.ദേശീയ പുസ്തകോത്സവം-പരസ്യം | | 50,000 |
| 36.ദേശീയ പുസ്തകോത്സവം മത്സര രജിസ്ട്രേഷൻ ഫീസ് | | 3,000 |
| 37.ദേശീയപുസ്തകോത്സവം സഹായധനം-കോർപ്പറേഷൻ | | 5,000 |
| 38.പെൻഷൻ | | 21,06,454 |
| 39.ഇൻകം ടാക്സ് | | 4,90,027 |
| **സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റ്** | | |
| 1. പദ്ധതിയേതര പ്രവർത്തനം | 72,60,000 | |
| 2. പദ്ധതിപ്രവർത്തനം | 1,50,00,000 | |
| 3. അപ്പൻതമ്പുരാൻസ്മാരകം ഗ്രാന്റ് | 1,00,000 | |
| 4. എഴുത്തച്ഛൻ പുരസ്കാരം | 1,50,000 | 2,25,10,000 |
| | | **5,13,63,522** |

# ചെലവ്

## I പദ്ധതിയേതര ചെലവ്

### (എ) എസ്റ്റാബ്ലിഷ്മെന്റ്

| | | |
|---|---|---|
| 1. | ശമ്പളവും അലവൻസും | 47,55,149 |
| 2. | മെമ്പർമാരുടെ യാത്രാബത്ത | 1,15,778 |
| 3. | ജീവനക്കാരുടെ യാത്രാബത്ത | 64,381 |
| 4. | വിരമിച്ച ജീവനക്കാരുടെ കുടിശ്ശിക | 2,74,786 |
| | | 52,10,094 |

### (ബി) കണ്ടിജൻസി

| | | | |
|---|---|---|---|
| 1. | ആപ്പീസ് ചെലവുകൾ | | 1,93,704 |
| 2. | തപാൽ | | 1,07,187 |
| 3. | യോഗ ചെലവുകൾ | | 16,228 |
| 4. | ടെലിഫോൺ | | 1,15,839 |
| 5. | സ്റ്റേഷനറി | | 34,521 |
| 6. | വാൻ മെയിന്റനൻസ് | | |
| | ഡീസൽ | 95,970 | |
| | റിപ്പെയർ | 29,299 | |
| | ഇൻഷുറൻസ്, ടാക്സ് | 18,260 | 1,43,529 |

| | | |
|---|---|---|
| 7. | ദിവസവേതനക്കാരുടെ/കരാർ ജീവനക്കാരുടെ വേതനം | 9,61,376 |
| 8. | വൈദ്യുതി | 2,76,505 |
| 9. | കാർ വാടക | 2,68,809 |
| 10. | പ്രസിഡന്റിനുള്ള ഓണറേറിയം | 52,258 |
| 11. | പ്രൊഫഷണൽ ടാക്സ് (ബുക്ക് സ്റ്റാൾ) | 360 |
| 12. | ഓഡിറ്റ് ഫീസ് | 1,10,269 |
| 13. | കെട്ടിട വാടക | 11,951 |
| | | 22,92,536 |
| | **(സി) സാധാരണ പ്രവർത്തനങ്ങൾ** | |
| 1. | വാർഷികം, അവാർഡ് | 14,615 |
| 2. | അവാർഡു പുസ്തക പരിശോധകരുടെ പ്രതിഫലം | 4,000 |
| | | 18,615 |
| | (എ) എസ്റ്റാബ്ലിഷ്മെന്റ് | 52,10,094 |
| | (ബി) കണ്ടീജൻസി | 22,92,536 |
| | (സി) സാധാരണ പർത്തനങ്ങൾ | 18,615 |
| | എ + ബി + സി (പദ്ധതിയേതര ചിലവുകൾ) | **75,21,245** |
| | **പദ്ധതി പ്രവർത്തനചെലവുകൾ** | 1,51,72,312 |
| | **മറ്റു ചെലവുകൾ** | |
| 1. | പുസ്തകപ്രദർശനങ്ങൾ | 1,77,956 |
| 2. | എഴുത്തച്ഛൻ പുരസ്കാരം | 2,19,213 |
| 3. | ഹാൾ വാടക തിരികെകൊടുത്തത് | 1,000 |
| 4. | പുസ്തക വിൽപ്പന-മറ്റു പ്രസാധകർക്ക് കൊടുത്തത് | 2,26,278 |
| 5. | പെൻഷൻ | 21,06,454 |
| 6. | സുവർണ്ണജൂബിലി മന്ദിരം | 20,00,000 |
| 7. | സെക്യൂരിറ്റിക്കുള്ള വേതനം | 49,000 |
| 8. | ഇൻകം ടാക്സ് | 4,94,283 |
| 9. | എം.പി.പോൾ പഠനഗവേഷണകേന്ദ്രം | 15,40,843 |
| 10. | അപ്പൻ തമ്പുരാൻ സ്മാരകം ഗ്രാന്റ് മാറ്റിയത് | 1,00,000 |
| 11. | അപ്പൻ തമ്പുരാൻ സ്മാരകം ചെലവിലേക്ക് മാറ്റിയത് | 7,27,085 |
| | | 3,03,35,669 |
| | നീക്കിയിരിപ്പ് | 2,10,27,853 |
| | ആകെ | **5,13,63,522** |